# Major Archeparchy of Ernakulam-Angamaly

Major Archbishop's House, Ernakulam, P.B.No. 2580, Kochi 682031, Kerala, INDIA.
Tel: 0484-2352629, 2352906, 2363664 • Fax: 0484-2355010
E-mail: curiaekm@hotmail.com • Web: www.ernakulamarchdiocese.org


21/04/2020

**പ്രിയ വൈദികരേ,**

ലോക് ഡൗൺ സാഹചര്യത്തിൽ ചില കാര്യങ്ങൾ നിങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

1. ഇടവകകളിൽ ഏപ്രിൽ-മെയ് മാസങ്ങളിൽ നടത്താറുള്ള കുട്ടികളുടെ പൊതു ആദ്യകുർബാന സ്വീകരണം സൗകര്യപ്രദമായ മറ്റൊരു തീയതിയിലേക്ക് മാറ്റി വയ്ക്കേണ്ടതാണ്.

2. സർക്കാർ നിർദ്ദേശം അനുസരിച്ച് വിവാഹം, മൃതസംസ്ക്കാര ശുശ്രൂഷ എന്നിവയിൽ 20 പേർക്ക് മാത്രമാണ് പങ്കെടുക്കാൻ അനുവാദമുള്ളത്. (Hotspot ഏരിയകളിൽ സർക്കാരിന്റെ പ്രത്യേക നിബന്ധനകൾ അനുസരിക്കേണ്ടതാണ്). മറ്റു തിരുക്കർമ്മങ്ങളിൽ, കാർമ്മികൻ ഉൾപ്പെടെ 5 പേർക്ക് പങ്കെടുക്കാം.

3. വിവാഹപരസ്യം സാധാരണരീതിയിൽ നടത്താൻ സാഹചര്യം അനുവദിക്കുന്നില്ലെങ്കിലും വിവാഹവിവരം ഏതെങ്കിലും വിധത്തിൽ ഇടവകജനങ്ങളെ അറിയിക്കുന്നത് നല്ലതാണ്. (ഉദാഹരണത്തിന്, ഇടവകയിലെ കുർബാന തത്സമയ സംപ്രേക്ഷണം ചെയ്യുന്നുണ്ടെങ്കിൽ അറിയിപ്പിലൂടെയോ, ഇടവക WhatsApp Group ഉണ്ടെങ്കിൽ അതിലൂടെയോ). സഞ്ചാരസ്വാതന്ത്ര്യം പരിമിതപ്പെടുത്തിയിരിക്കുന്നതിനാൽ, മനസ്സമ്മതത്തിനു മുമ്പ് വിളിച്ചു ചൊല്ലുന്നതിനുള്ള അനുവാദത്തിനായി ആളുകളെ ഫൊറോന വികാരിയുടെ അടുത്തേയ്ക്ക് പറഞ്ഞുവിടേണ്ടതില്ല. ഈ പ്രത്യേക സാഹചര്യത്തിൽ വികാരിമാർക്ക് പ്രസ്തുത അനുവാദം നല്കാവുന്നതാണ്. മറ്റു രൂപതയിൽ നിന്നുള്ളവരുമായാണ് വിവാഹമെങ്കിൽ, ആ രൂപതയിലെ നിർദ്ദേശങ്ങൾ കൂടി പരിഗണിക്കേണ്ടതാണ്.

4. ലോക് ഡൗൺ മൂലം തെരഞ്ഞെടുപ്പുകൾ നടത്താൻ സാധിക്കാത്ത ഇടവകകളിൽ, ഇപ്പോഴുള്ള പാരീഷ് കൗൺസിൽ അംഗങ്ങൾ, കൈക്കാരന്മാർ എന്നിവരുടെ സേവന കാലാവധി 2020 ജൂലൈ 31 വരെ നീട്ടിയിരിക്കുന്നു. ലോക് ഡൗൺ തീരുന്ന മുറയ്ക്ക് തെരഞ്ഞെടുപ്പ് നടത്തി അതിരൂപതാ കച്ചേരിയുടെ അംഗീകാരം വാങ്ങേണ്ടതാണ്.

5. ജൂൺ-ജൂലൈ മാസങ്ങളിൽ നടത്താറുള്ള വൈദികരുടെ വാർഷിക ധ്യാനം സൗകര്യപ്രദമായ മറ്റൊരവസരത്തിലേക്ക് മാറ്റി വച്ചിരിക്കുന്നു. പുതിയ തീയതി പിന്നീട് അറിയിക്കുന്നതായിരിക്കും.

മിശിഹായിൽ സ്നേഹപൂർവ്വം,

**ആർച്ചുബിഷപ്പ് ആന്റണി കരിയിൽ**
മെത്രാപ്പോലീത്തൻ വികാരി
എറണാകുളം-അങ്കമാലി അതിരൂപത